പതിനഞ്ചാം കേരളനിയമസഭ

പതിനാലാം **സമ്മേളനം**

ബഹു. സ്പീക്കറുടെ റൂളിംഗ്
18-09-2025

നിയമനിർമ്മാണം

വിജ്ഞാപനത്തിലെ അപാകത

2025 സെപ്റ്റംബർ 18-ാം തീയതി നിയമനിർമ്മാണ കാര്യത്തിനുമുമ്പായി, 2023-ലെ കേരള പൊതുജനാരോഗ്യ ആക്ടിലെ 60-ാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം സർക്കാരിന് വിജ്ഞാപനംവഴി സംസ്ഥാനത്തെ ഏതെങ്കിലും പ്രദേശം ഉത്സവ മേഖലയായി പ്രഖ്യാപിക്കുന്നതിനും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കുള്ള ക്രമീകരണങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ നിലവിൽ ഉത്സവമേഖല സംബന്ധിച്ച് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ മുമ്പ് നിലനിന്നിരുന്ന ട്രാവൻകൂർ-കൊച്ചിൻ ആക്ടിലെ വകുപ്പാണ് ഉൾപ്പെടുത്തുന്നതെന്നും നിയമസഭ പാസ്സാക്കിയ പുതിയ നിയമം പ്രാബല്യത്തിലിരിക്കെ മുമ്പുണ്ടായിരുന്ന നിയമമനുസരിച്ച് ഉത്സവങ്ങൾ, പെരുന്നാളുകൾ എന്നിവയ്ക്കുള്ള ക്രമീകരണങ്ങൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് ക്രമത്തിലല്ലെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ഇതുസംബന്ധിച്ച് 2023-ൽ കേരള പൊതുജനാരോഗ്യ ബിൽ നിയമസഭ പാസ്സാക്കിയിട്ടും മുമ്പുണ്ടായിരുന്ന നിയമത്തിലെ വ്യവസ്ഥയാണ് ജില്ലാ കളക്ടർമാർ വിജ്ഞാപനങ്ങളിൽ കാട്ട് ചെയ്യുന്നതെന്നും 2023-ലെ കേരള പൊതുജനാരോഗ്യ നിയമത്തിലെ 60(1), 75 എന്നീ വകുപ്പുകൾ പ്രകാരം നോട്ടിഫിക്കേഷൻ ഇറക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിങ് നൽകി.[+]

'2023-ലെ കേരള പൊതുജനാരോഗ്യ നിയമം നിലവിൽ വന്നതിനുശേഷവും പ്രസ്തുത നിയമത്തിലെ 60-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കേണ്ടതായ വിജ്ഞാപനം മുൻ നിയമപ്രകാരം

+

പുറപ്പെടുവിച്ച് വരുന്നതുമൂലമുണ്ടായ അപാകമാണെന്ന ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.'